ഉത്തരം

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട പരിയാരം ഗ്രാമപഞ്ചായത്തിലെ കാർഷിക ആവശ്യങ്ങൾക്കായി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പാക്കുന്നതിനായി അപേക്ഷ ലഭിച്ചതായി കാണുന്നില്ല.

(ബി) കോടശ്ശേരി-പരിയാരം സമഗ്ര കുടിവെള്ള പദ്ധതിക്കായി ജല ശുദ്ധീകരണശാല സ്ഥാപിക്കുന്നതിനായി പരിയാരം കാഞ്ഞിരപ്പുള്ളിയിലെ എം.പി.ഐ. വക സ്ഥലം ഇതുവരെ ലഭ്യമായിട്ടില്ല. ഇപ്പോൾ കേന്ദ്ര സർക്കാരിന്റെ എസ്.എ.ജി.വൈ.-യിൽ ഉൾപ്പെടുത്താൻ കോടശ്ശേരി പഞ്ചായത്തിലേയ്ക്കുള്ള കുടിവെള്ള പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ തയ്യാറാക്കി വരുന്നു. ശുദ്ധീകരണശാലയുടെ സ്ഥലം അതിരപ്പിള്ളി പഞ്ചായത്തിലെ എക്സ് സർവ്വീസ് മാൻ കോളനി ഏരിയയിലാണ് വിഭാവനം ചെയ്തിരിക്കുന്നത്.

കന്ദമംഗലം നിയോജകമണ്ഡലം

142(842) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മേയ് മുതൽ കന്ദമംഗലം നിയോജക മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ വകുപ്പ് മുഖേന ഭരണാനുമതി ലഭ്യമാക്കിയ പ്രവർത്തികളും, തുകയും വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലുള്ള സ്ഥിതി വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

ജലവിഭവ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

143(843) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഇടുക്കി നിയോജക മണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ചുവർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly